www.prepp.in

Prepp
Your Personal Exams Guide

**Lang. Code : 09**

इस पुस्तिका में **24** पृष्ठ हैं ।
This booklet contains **24** pages.

# TAJ 19-II

**प्रश्न-पत्र II / PAPER II**

**मलयालम भाषा परिशिष्ट**
**Malayalam Language Supplement**
**भाग IV & V / PART IV & V**

**परीक्षा पुस्तिका संकेत**
**Test Booklet Code**

**W**

**परीक्षा पुस्तिका संख्या**
**Test Booklet No.**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 23 व 24) पर दिए निर्देशों को ध्यान से पढ़ें ।**
**Read carefully the Instructions on the Back Cover (Page 23 & 24) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें । / For instructions in Malayalam see Page 2 of this Booklet.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत** है **W**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **W**. Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ______________________
Name of the Candidate (in Capitals) :
अनुक्रमांक : (अंकों में) ______________________
Roll Number : in figures
: (शब्दों में) ______________________
: in words
परीक्षा केन्द्र (बड़े अक्षरों में) : ______________________
Centre of Examination (in Capitals) :
परीक्षार्थी के हस्ताक्षर : ______________ निरीक्षक के हस्ताक्षर : ______________
Candidate's Signature : Invigilator's Signature :
Facsimile signature stamp of
Centre Superintendent ______________________

**W**

www.prepp.in



**Lang. Code : 09**

# TAJ 19-II

പരീക്ഷാ ചെറുപുസ്തക സങ്കേതം

**W**

ഈ പുസ്തികയിൽ **24** താളുകൾ ഉണ്ട്.

## പേപ്പർ II

## മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 23 & 24) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

### പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **W** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **വശം 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം IV - ഭാഷ-I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം V - ഭാഷ-II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (വലിയ അക്ഷരത്തിൽ) : ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ____________________

Facsimile signature stamp of Centre Superintendent ____________________

www.prepp.in



**ഭാഷ I മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV (ചോദ്യങ്ങൾ 91-120)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV [Q. No. 91 – 120]**, if they have opted **MALAYALAM** as **LANGUAGE – I** only.

www.prepp.in



Prepp Your Personal Exams Guide

## ഭാഗം – IV
## ഭാഷ – I
## മലയാളം

**ഭാഷ – I മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – IV (ചോദ്യങ്ങൾ 91-120) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (91-99) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

ശ്രീ അരവിന്ദഘോഷ് 1872-ൽ കൽക്കത്തയിൽ ജനിച്ചു. കേവലം ഏഴു വയസ് പ്രായമുണ്ടായിരുന്നപ്പോൾത്തന്നെ ശ്രീ അരവിന്ദൻ വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കയയ്ക്കപ്പെട്ടു. പ്രധാനമായും അദ്ദേഹം പഠിച്ചത് കേംബ്രിഡ്ജിലായിരുന്നു. ഗ്രീക്കിലും, ലാറ്റിനലും അദ്ദേഹം അസാമാന്യമായ അറിവ് സമ്പാദിച്ചു. ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ മുതലായ ഭാഷകളും അദ്ദേഹം വശമാക്കി. അങ്ങനെയാണ് അദ്ദേഹം ദാന്തെയെയും ഗോഥെയെയും പരിചയപ്പെട്ടത്. തുടർച്ചയായിട്ടുള്ള പതിനഞ്ച് വർഷത്തെ ഇംഗ്ലണ്ടിലെ വിദ്യാഭ്യാസത്തിനുശേഷം ശ്രീ അരവിന്ദൻ ഇന്ത്യയിലേക്ക് മടങ്ങി. ഇന്ത്യയിൽ മടങ്ങിയെത്തിയ ശ്രീ അരവിന്ദൻ 1893 മുതൽ 1906 വരെ ബറോഡയിലെ ഗയിക്ക്വാദിന്റെ സർവ്വീസിൽ ആദ്യം റവന്യൂ ഡിപ്പാർട്ട്മെന്റിലും തുടർന്ന് ഗയിക്കവാറിന്റെ സെക്രട്ടേറിയറ്റിലും അതിനുശേഷം ഇംഗ്ലീഷ് പ്രൊഫസറായും അവസാനം ബറോഡാകോളേജിലെ വൈസ്പ്രിൻസിപ്പലായും പ്രവർത്തിച്ചു.

യഥാർത്ഥത്തിൽ ഈ അവസരത്തിലാണ് ഭാവിജീവിതത്തിനാവശ്യമായ കളമൊരുക്കുവാൻ അദ്ദേഹത്തിന് സാധിച്ചത്. പടിഞ്ഞാറൻ സാഹിത്യത്തിലും തത്ത്വചിന്തയിലും സയൻസിലും മറ്റ് വിഷയങ്ങളിലും അപാരമായ പാണ്ഡിത്യം ഉണ്ടായിരുന്ന ശ്രീ അരവിന്ദന് ഭാരതീയ വിഷയങ്ങളിൽ യാതൊരു പരിജ്ഞാനവും ഉണ്ടായിരുന്നുല്ല. അങ്ങനെയായിത്തീരണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ശ്രീ അരവിന്ദന്റെ പിതാവ്, തന്റെ പുത്രനെ കേവലം ഏഴു വയസ്സായിരുന്നപ്പോൾതന്നെ വിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്ക് അയച്ചത്. എന്നാൽ ദൈവനിശ്ചയം നേരെമറിച്ചായിരുന്നു. ബറോഡയിൽവെച്ച് ശ്രീ അരവിന്ദൻ ഭാരതീയഭാഷകളും തത്ത്വചിന്തയും പഠിക്കുവാനാരംഭിക്കുകയും അതിൽ അസാമാന്യമായ സിദ്ധികൾ ആർജ്ജിക്കുകയും ചെയ്തു. പ്രത്യേകിച്ചും സംസ്കൃതത്തിൽ അദ്ദേഹം ഗഹനമായ

www.prepp.in



പാണ്ഡിത്യം സമ്പാദിച്ചു. അതിന്റെ ഫലമായി ഭാരതത്തിന്റെ പരമ്പരാഗതമായ തത്ത്വചിന്തയെ അദ്ദേഹം സ്വായത്തമാക്കുകയും അതിനെ ലോകദൃഷ്ടിയിൽ കൊണ്ടുവരികയുമാണ് ചെയ്തത്. അദ്ദേഹത്തെപ്പോലെ ഭാരതീയ തത്ത്വചിന്തയെക്കുറിച്ച് ഇത്രയധികം ചിന്തിക്കുകയും പഠിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള മറ്റൊരു ജ്ഞാനിയും മുനിവര്യനും ആധുനിക ഭാരതത്തിൽ ജനിച്ചിട്ടുണ്ടോ എന്ന് സംശയമാണ്.

1905 ൽ കഴ്സൻപ്രഭു ബംഗാൾവിഭജനം നടത്തി. അതിനെത്തുടർന്ന് ബംഗാളിന്റെ ആത്മവീര്യം ഉദ്ബുദ്ധമാവുകയും ചെയ്തു. ആതോടുകൂടി ബംഗാളിൽ ഉടലെടുത്ത പുതിയ ദേശീയപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിനായി ശ്രീ അരവിന്ദൻ തന്റെ ജോലി രാജിവച്ചു. അദ്ദേഹം കൽക്കത്തയിലേക്ക് പോയി. അവിടെ പുതുതായി രൂപംകൊണ്ട 'നാഷനലിസ്റ്റ് പാർട്ടി'യിൽ അദ്ദേഹം ചേർന്നു. അക്കാലത്തുള്ള ശ്രീ അരവിന്ദന്റെ പ്രസംഗങ്ങളും ലേഖനങ്ങളും ബംഗാളിലെങ്ങും അത്ഭുതാവഹമായ ഉണർവ്വുണ്ടാക്കി.

**91. അരവിന്ദനെ ഇംഗ്ലണ്ടിലേക്ക് വിദ്യാഭ്യാസത്തിനായി അയച്ചതിന്റെ ലക്ഷ്യമെന്തായിരുന്നു**

(1) ഭാരതത്തിന്റെ സംസ്കാരിക പൈതൃകത്തെക്കുറിച്ച് മനസ്സിലാക്കാൻ

(2) ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും പാണ്ഡിത്യം നേടാൻ

(3) ഇംഗ്ലണ്ടിൽ താമസിച്ച് ഭാവി ജീവിതം സുരക്ഷിതമാക്കാൻ

(4) പാശ്ചാത്യസാഹിത്യത്തിലും ശാസ്ത്രത്തിലും തത്ത്വചിന്തയിലും പ്രാവീണ്യം നേടാൻ

**92. അരവിന്ദൻ ഭാരതീയഭാഷകളിലും ഭാരതീയതത്ത്വചിന്തയിലും അവഗാഹം നേടിയത് എവിടെ വെച്ചാണ്?**

(1) ഇംഗ്ലണ്ടിൽവെച്ച്

(2) കൽക്കത്തയിൽവെച്ച്

(3) ബറോഡയിൽവെച്ച്

(4) ബോംബെയിൽവെച്ച്

www.prepp.in



**93.** **അരവിന്ദഘോഷ് ബറോഡയിലെ ജോലി രാജിവെക്കാൻ കാരണമെന്ത് ?**

(1) മാനേജ്മെന്റുമായുള്ള അഭിപ്രായവ്യത്യാസംമൂലം

(2) ഉപരിപഠനത്തിനു വേണ്ടി

(3) ദേശീയ പ്രസ്ഥാനത്തിൽ ചേരാൻ

(4) സന്യാസം സ്വീകരിക്കുന്നതിനു വേണ്ടി

**94.** **ഉദ്ബുദ്ധമാകുക എന്നതിന്റെ താല്പര്യം എന്ത് ?**

(1) ഉറങ്ങുക

(2) ഉണരുക

(3) ഉത്കൃഷ്ടമാകുക

(4) ഉദ്ബോധിപ്പിക്കുക

**95.** **ബംഗാൾ വിഭജനം നടന്ന വർഷം ഏത് ?**

(1) 1902

(2) 1905

(3) 1908

(4) 1915

**96.** **കൽക്കത്തയിൽ അരവിന്ദഘോഷ് പ്രവർത്തിച്ച പാർട്ടി ഏത്**

(1) ഇൻഡ്യൻ നാഷനൽ കോൺഗ്രസ്

(2) തിയോസഫിക്കൽ സൊസൈറ്റി

(3) ബ്രഹ്മസമാജം

(4) നാഷനലിസ്റ്റ് പാർട്ടി

**97.** **'അഗാധം' എന്ന അർത്ഥത്തിൽ ഗദ്യത്തിൽ പ്രയോഗിച്ച പദമേത് ?**

(1) അസാമാന്യം

(2) അപാരം

(3) ഗഹനം

(4) സിദ്ധി

**98.** **വിദ്യാഭ്യാസത്തിനായി അരവിന്ദഘോഷ് ഇംഗ്ലണ്ടിൽ കഴിഞ്ഞത് എത്ര വർഷം ?**

(1) അഞ്ചു വർഷം

(2) പത്തു വർഷം

(3) പന്ത്രണ്ടു വർഷം

(4) പതിനഞ്ചു വർഷം

**99.** **അരവിന്ദഘോഷ് ജനിച്ചത് എവിടെ?**

(1) ഇംഗ്ലണ്ടിൽ

(2) കൽക്കത്തയിൽ

(3) ബറോഡയിൽ

(4) പോണ്ടിച്ചേരിയിൽ

www.prepp.in



**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (100-105) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

നേരിയൊരന്ധകാരത്തിൽ മൂടി
ദൂരെ, വിളർത്ത പടിക്കൽപ്പാടം.
തോടിൻ കരയിലെക്കുന്നൊതുങ്ങി,
ആറ്റിൻെറ വെൺമണൽത്തിട്ടു മങ്ങി.
തണ്ടലർ വേരറ്റു പായൽ മൂടും
കുണ്ടുകുളമായ് ഇരുണ്ടു വാനം.
ഉഷ്ണനീരാവികൾ പൂവിടുന്ന
വിഷ്ണുപദത്തിൽ ശിരസ്സമർത്തി
മാലേറ്റു, കണ്ണുനീർ വാർത്തുനിന്നു
നീലമലകൾ തന്നസ്ഥികൂടം !
ബന്ധനച്ചങ്ങല ചുറ്റുമാറിൻ
നൊന്ത ഞരക്കങ്ങൾ കേൾക്കയായി.
ഓർമ്മയെ വീണ്ടുമുണർത്തി ദൂരാ-
ലോണവില്ലിന്റെ തകർന്ന നാദം!
മുന്നിൽക്കരിപൂശി നില്പു രാവി-
ലഗ്നിയിൽ വെന്ത ഗൃഹാവശിഷ്ടം !
ചാമയും മത്തയും ചോളക്കമ്പും
രാഗിയുമില്ലിപ്പറമ്പിലിപ്പോൾ.
പാട്ടു വിതച്ചു കതിരു കൊയ്യും
പാണന്റെ കൊച്ചു കുടുംബമില്ല !
എന്തിനോ തെല്ലു ഞാൻ നിന്നു, ഗാന-
ഗന്ധമുടഞ്ഞു തകർന്ന മണ്ണിൽ.

**100. ഓർമ്മയെ വീണ്ടും ഉണർത്തിയതെന്ത് ?**

(1) നീലമലകളുടെ നില്പ്

(2) വെൺമണൽത്തിട്ടകളുടെ ഭംഗി

(3) ഓണവില്ലിന്റെ നാദം

(4) പായൽ മൂടിയ കുളങ്ങൾ

**101. നീലമലകൾ നില്ക്കുന്നതെങ്ങനെ?**

(1) കണ്ണുനീർ വാർത്തുകൊണ്ട്

(2) പച്ച പുതച്ചുകൊണ്ട്

(3) ഇരുട്ടിൽ മൂടിയൊതുങ്ങി

(4) കരയിൽ ശിരസ്സുയർത്തി

**102. നദിയുടെ ഞരക്കത്തിനു കാരണമെന്ത് ?**

(1) നീരാവിയുടെ ചൂടുകാരണം

(2) ഓണവില്ലു തകർന്നതിനാൽ

(3) വീട് കത്തിയതിനാൽ

(4) ചങ്ങലയിൽ ബന്ധിക്കപ്പെട്ടതിനാൽ

**103. ഇരുണ്ട വാനത്തെ കവി വിശേഷിപ്പിക്കുന്നത് എങ്ങനെ?**

(1) വിളർത്ത പാടമായി

(2) തോട്ടുവക്കത്തെ കുന്നായി

(3) പായൽമൂടിയ കുണ്ടുകുളമായി

(4) നദിയിലെ മണൽത്തിട്ടായി

www.prepp.in



104. കവിയുടെ മുന്നൽ കരിപൂശി നിന്നതെന്ത് ?
(1) പടിക്കലെ പാടം
(2) തോട്ടുവക്കത്തെ കുന്ന്
(3) ഇരുണ്ട വാനം
(4) കത്തിക്കരിഞ്ഞ വീട്

105. ഈ പദ്യത്തിൽ പ്രകടമാകുന്ന ഭാവം എന്ത് ?
(1) ആഹ്ലാദം
(2) വിഷാദം
(3) പ്രത്യാശ
(4) രോദനം

106. കവിത പഠിപ്പിക്കുന്ന സന്ദർഭത്തിൽ ഏറ്റവും പ്രധാനപ്പെട്ട വസ്തുത എന്ത് ?
(1) ഓരോ കവിതയ്ക്കും കൃത്യമായ അർത്ഥമുണ്ട്
(2) കവിതകൾക്ക് ഒന്നിൽക്കൂടുതൽ അർത്ഥമുണ്ട്
(3) കവിത സാമൂഹിക പ്രശ്നങ്ങൾ പ്രതിഫലിപ്പിക്കുന്നില്ല
(4) കവിത യാതൊരു വികാരവും പ്രതിഫലിപ്പിക്കുന്നില്ല

107. സംഭവവിവരണം എഴുതുന്നവിധം പഠിപ്പിക്കുന്ന സന്ദർഭത്തിൽ ടീച്ചർ പത്രറിപ്പോർട്ടുകളുടെ ഭാഗങ്ങൾ ടീച്ചർ വിദ്യാർത്ഥികൾക്കു നൽകി. റിപ്പോർട്ടുകൾ വായിച്ചശേഷം കുട്ടികളോട് അതിനെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താൻ ടീച്ചർ ആവശ്യപ്പെട്ടു. ക്ലാസ്സിൽ ഉപയോഗിച്ച പത്രറിപ്പോർട്ടുകൾ ഒരു ____________ ആണ്
(1) അധ്യാപന സഹായി
(2) പഠന സഹായി
(3) അധ്യാപന പഠന സാമഗ്രി
(4) അധ്യാപന രീതിയും തന്ത്രവും

108. ഇന്ത്യയിൽ എത്ര ഭാഷാ ഗോത്രങ്ങൾ ഉണ്ട് ?
(1) നാല്
(2) ആറ്
(3) എട്ട്
(4) പത്ത്

www.prepp.in



Prepp Your Personal Exams Guide

**109. ക്ലാസ്സുമുറിയിലെ ഭാഷാധ്യാപനത്തിൽ മാതൃഭാഷയെ നിഷ്കാസനം ചെയ്ത രീതി ഏത് ?**

(1) ഋജു രീതി (Direct)

(2) ശ്രവ്യഭാഷാ രീതി (Audio lingual)

(3) നിമജ്ജന രീതി (Immersion)

(4) സ്വാഭാവിക രീതി (Natural)

**110. ഭാഷാധ്യാപനത്തിൽ ടീച്ചർ ശാസ്ത്രത്തിൽനിന്നും സാമൂഹികശാ-സ്ത്രത്തിൽനിന്നും ഉദാഹരണങ്ങൾ നൽകുന്നു. ഈ സമീപനരീതിയെ വിശേഷിപ്പിക്കുന്നത്:**

(1) ശാസ്ത്രവും ഭാഷാധ്യാപനവും

(2) പാഠ്യപദ്ധതിക്ക് അതീതമായ ഭാഷ

(3) ടി.പി.ആർ. സമീപനം (T.P.R.)

(4) സി.എൽ.ടി. സമീപനം (C.L.T.)

**111. ഭാഷാപഠനത്തെ സംബന്ധിച്ച ധൈഷണിക കാഴ്ചപ്പാട് ഊന്നൽ നൽകുന്നത്:**

(1) തെറ്റുകൾ ഭാഷാപഠനപ്രക്രിയയുടെ ഭാഗമായി സംഭവിക്കുന്നു

(2) ശീലരൂപീകരണം (habit) ഭാഷാ പഠനത്തെ സഹായിക്കുന്നു

(3) സംഭാഷണങ്ങളും മറ്റും ഹൃദിസ്ഥമാക്കുന്നതിനെ ടീച്ചർ പ്രോത്സാഹിപ്പിക്കുന്നു

(4) തെറ്റുകൾ എത്രയും പെട്ടെന്നു തിരുത്തണം, അല്ലെങ്കിൽ കുട്ടിയുടെ മനസ്സിൽ അത് ഉറയ്ക്കും

**112. കുട്ടികളുടെ മോശം പ്രകടനത്തെത്തുടർന്ന് അതിന്റെ കാരണം കണ്ടുപിടിക്കാൻ ടീച്ചർ ടെസ്റ്റ് നടത്തുന്നു. ഇത് ഒരു _______ ആണ്.**

(1) വൈദഗ്ധ്യനിർണ്ണയ പരീക്ഷ (Proficiency)

(2) നിർദ്ധാരണ പരീക്ഷ (Diagnostic)

(3) സ്വായത്തതാ പരീക്ഷ (Achievement)

(4) സമഗ്ര പരീക്ഷ (Summative)

www.prepp.in



113. ആറാംക്ലാസ്സിലെ ഭാഷാപരീക്ഷയുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചപ്പോൾ കുട്ടികളുടെ പ്രകടനം മോശമാണെന്നു ടീച്ചർ കണ്ടു. തുടർന്ന് അവർ വീണ്ടും ഒരു ചോദ്യപ്പേപ്പർ തയ്യാറാക്കി മറ്റൊരു പരീക്ഷനടത്തി. ഇതിനെ വിശേഷിപ്പിക്കുന്നത് :

(1) ആംശിക പരീക്ഷ (Formative)

(2) സമഗ്ര പരീക്ഷ (Summative)

(3) നിർദ്ധാരണ പരീക്ഷ (Diagnostic)

(4) സാകല്യപരീക്ഷ (Cumulative)

114. ക്ലാസ്സിലെ അദ്ധ്യാപനത്തിനു ശേഷം ഭാഷാദ്ധ്യാപിക തന്റെ ഡയറിയിൽ ഇങ്ങനെ എഴുതി "കുട്ടികൾക്ക് ഭാഷാകേളി വളരെ ഇഷ്ടപ്പെടുകയും അവർ സജീവമായി പങ്കെടുക്കുകയും ചെയ്തു. പക്ഷെ, മൂന്നാം ഗ്രൂപ്പിലെ കുട്ടികൾ പ്രതീക്ഷിച്ച നിലയിൽ എത്താൻ ഏറെ കഷ്ടപ്പെട്ടു ; - ഇത് താഴെ കൊടുത്തവയിൽ എന്തിന് ഉദാഹരണമാണ്?

(1) വിലയിരുത്തലിന്

(2) സംഭവ വിവരണത്തിന്

(3) വിമർശന ചിന്തയ്ക്ക്

(4) നിരീക്ഷണത്തിന്

115. പ്രഭാവിയായ ഭാഷാധ്യാപകൻ ചെയ്യുന്നത്: -

(1) പാഠ്യപുസ്തകത്തിലെ ഏല്ലാ ചോദ്യങ്ങളുടെയും ഉത്തരം വിദ്യാർത്ഥികളെ പഠിപ്പിക്കും

(2) പാഠ്യപുസ്തകത്തിലേതിനു പുറമെ മറ്റ് അറിവുകളും നൽകും

(3) പാഠ്യപുസ്തകത്തെ ആശ്രയിച്ചുമാത്രം ചോദ്യ പേപ്പർ തയ്യാറാക്കും

(4) പാഠ്യപുസ്തകത്തിനു പുറത്തേക്കു കടക്കുകയില്ല

116. താഴെ കൊടുത്തവയിൽ ഭാഷാധ്യാപനത്തിൽ പ്രധാനപ്പെട്ടത് ഏത് ?

(1) പാഠ്യപുസ്തകം (Text book)

(2) അനുബന്ധ പുസ്തകങ്ങൾ (Supplementary reader)

(3) ബാലസാഹിത്യം (Children literature)

(4) അഭ്യാസപത്രിക (Activity sheet)

www.prepp.in



Prepp
Your Personal Exams Guide

**117.** താഴെ കൊടുത്തവയിൽ പഠിതാക്കളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നത് ഏത് ?

(1) പരീക്ഷയിൽ മികച്ച മാർക്കുനേടാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത്

(2) സ്വന്തം അനുഭവങ്ങളെക്കുറിച്ച് സ്വതന്ത്രമായി എഴുതാൻ സാഹചര്യം ഒരുക്കുന്നത്

(3) ധാരാളം സദാചാരകഥകൾ വായിക്കാനും എഴുതാനും ആവശ്യപ്പെടുന്നത്

(4) പഠനത്തിൽ താല്പര്യം കാണിക്കാൻ നിർദേശിക്കുന്നത്

**118.** ഭാഷയിൽ ബൌദ്ധിക ചിത്രണം (Mind Mapping) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് :

(1) മനസ്സിന്റെ ചിത്രം വരയ്ക്കൽ

(2) കഥയിലോ കവിതയിലോ പ്രസ്താവിച്ച സ്ഥലത്തിന്റെ ചിത്രം വരയ്ക്കുന്നത്

(3) സാഹസകൃത്യത്തിനുള്ള പ്ലാൻ തയ്യാറാക്കാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുന്നത്

(4) പുതിയ ആശയങ്ങൾ കണ്ടെത്തി പരസ്പരബന്ധത്തോടെ അവതരിപ്പിക്കാൻ കുട്ടികളെ അനുവദിക്കൽ

**119.** ലേഖനനൈപുണി വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകേണ്ടത് :

(1) നല്ല കൈയക്ഷരത്തിന്

(2) അക്ഷരശുദ്ധിക്ക്

(3) വസ്തുക്കൾ ഉപയോഗിച്ച് നിർദ്ദേശാനുസരണം എഴുതുന്നതിന്

(4) സ്വന്തം ആശയങ്ങളും കാഴ്ചപ്പാടുകളും അനുഭവങ്ങളും ആവിഷ്കരിക്കുന്നതിന്

**120.** രസിക്കുന്നതിനും വായനാനൈപുണി വർദ്ധിപ്പിക്കാനും വേണ്ടിയുള്ള വായനയിൽ 'വിദ്യാർത്ഥിവായനാ പുസ്തകങ്ങൾ' ഉൾപെടുത്തുന്നത്

(1) ആഴമേറിയ വായന (Intensive)

(2) പരപ്പേറിയവായന (Extensive)

(3) പൂർവ്വവായന (Pre)

(4) പശ്ചാത് വായന (Post)

www.prepp.in



Prepp
Your Personal Exams Guide

**ഭാഷ II മലയാളം** തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V (ചോദ്യങ്ങൾ 121-150)** ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V [Q. No. 121 – 150],** if they have opted **MALAYALAM** as **LANGUAGE – II** only.

ഭാഗം – V

ഭാഷ – II

മലയാളം

**ഭാഷ – II മലയാളം തെരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം ഭാഗം – V (ചോദ്യങ്ങൾ 121-150) ഉത്തരമെഴുതുക.**

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (121-128) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

അധിനിവേശനയരൂപീകരണക്കാർ വെച്ചുപുലർത്തിപ്പോന്ന വിശ്വാസങ്ങളിൽ ഒന്ന് ഇന്ത്യൻ ഭാഷകൾ മറ്റു വിദേശഭാഷകളെ അപേക്ഷിച്ചു താഴ്ന്ന നിലവാരമുള്ളതാണ് എന്നുള്ളതാണ്. അവയ്ക്ക് മതിയായ പദസമ്പത്തോ, പഠനഗ്രന്ഥങ്ങളോ ഇല്ല. ഇവിടുത്തെ ഭാഷാവർണ വിവേചനത്തിന് പ്രധാനകാരണമിതാണ്.

എന്നിരുന്നാലും ഈ ആശയങ്ങൾ കുഴിച്ചുമൂടി കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ രാഷ്ട്രനിർമ്മാണവും, ഉന്നതവിദ്യാഭ്യാസവും എല്ലാം അവരുടെ ഭാഷയിലാണ് നടത്തുന്നത്. ചൈനീസ്, ജാപ്പനിസ്, കൊറിയൻ, തായ്, വിയറ്റ്നാമിസ്, ഇന്തോനേഷ്യൻ തുങ്ങിയ ഭാഷകളിൽ വൈദ്യശാസ്ത്രം, എഞ്ചിനീയറിങ്, മാനേജ്മെന്റ് തുടങ്ങിയവ പഠിപ്പിക്കുന്നുണ്ട്. വിദേശികളായ ഭാഷാവിചക്ഷണന്മാർക്ക് അദ്ഭുതമുളവാക്കിക്കൊണ്ട് ഇന്ത്യൻ ഭാഷകളായ 5500 ലക്ഷം ആൾക്കാർ സംസാരിക്കുന്ന ഹിന്ദി, 2500 ലക്ഷമുള്ള ബംഗാളി, ഉറുദു, തെലുങ്ക് , മറാത്തി, തമിഴ് തുടങ്ങി 600 ലക്ഷം ആൾക്കാർ സംസാരിക്കുന്ന ഗുജറാത്തി, മലയാളം, കന്നട, ഒറിയ ഭാഷകളൊന്നും തന്നെ ഉന്നതവിദ്യാഭ്യാസത്തിനുള്ള മാധ്യമമായി ഉപയോഗിക്കുന്നില്ല.

ലോകത്തു മൂന്നു കോടിയിലധികം ആൾക്കാർ സംസാരിക്കുന്ന മുപ്പതിലധികം ഭാഷകളുണ്ട്. അവയിൽ ഇന്ത്യൻ ഭാഷകളെ കൂടാതെ അറബി, മലായ് (മലേഷ്യൻ) എന്നിവ ഒഴിച്ച് എല്ലാം പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ അധ്യയന മാധ്യമങ്ങളാണ്.

www.prepp.in



Prepp
Your Personal Exams Guide

ആറുകോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന 22 ഭാഷകളാണ് ലോകത്തുള്ളത്. അതിൽ ഏഴെണ്ണം ഇന്ത്യൻ ഭാഷകളാണ്.

സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനു ശേഷം അവിടുത്തെ എല്ലാ പ്രാദേശികഭാഷകളും, അതായത് അൽബേനിയൻ, അസേറി, സ്ലോവേനിയൻ, ക്രൊയേഷ്യൻ, ലാത്വിയൻ, ലിത്ത്വാനിയൻ, എസ്റ്റോണിയൻ, ഉസ്ബെക്ക്, തുർക്കി, ഭാഷകൾ ഉൾപ്പടെ, പ്രൊഫഷണൽ മാധ്യമമായി ഉപയോഗിക്കാറുണ്ട്.

വളരെ ചെറിയ ജനസമൂഹങ്ങൾ സംസാരിക്കുന്ന ഐസ്‌ലാൻഡിക്ക് (3 ലക്ഷം) എസ്റ്റോണിയൻ (10 ലക്ഷം), ഫിന്നിഷ് (50 ലക്ഷം), ഹീബ്രു (53 ലക്ഷം), ക്രൊയേഷ്യൻ (50 ലക്ഷം) തുടങ്ങിയ നിരവധി ഭാഷകൾ പ്രൊഫഷണൽ വിദ്യാഭ്യാസ മാധ്യമങ്ങളാണ്.

2050 ഓടെ ലോകത്തെ ഏറ്റവും സമ്പന്ന രാഷ്ട്രങ്ങളാകാൻ പോകുന്ന തരത്തിൽ വളരെ വേഗം മുന്നേറിക്കൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയുള്ള മൂന്നു രാഷ്ട്രങ്ങളാണ് ജി 20 ഗ്രൂപ്പിൽപ്പെട്ട ഇന്ത്യയും ചൈനയും ബ്രസീലും. എന്നാൽ ഇത്തരത്തിൽ അഭിമാനിക്കുന്ന ഇന്ത്യ ഒഴിച്ച് മറ്റ് ബ്രിക്ക് (BRIC-ബ്രസീൽ, റഷ്യ, ഇന്ത്യാ ചൈന) രാഷ്ട്രങ്ങളിലും ഉന്നതവിദ്യാഭ്യാസ അധ്യയനമാധ്യമം പ്രാദേശികഭാഷയിലാണ്

**121. സോവിയറ്റ് യൂണിയനിൽ ഉൾപ്പെടാത്ത ഭാഷ ഏതാണ് ?**

(1) ഫിന്നിഷ്

(2) അസേറി

(3) അൽബേനിയൻ

(4) ക്രൊയേഷ്യൻ

**122. ഇന്ത്യയിലെ ഭാഷാവർണ്ണവിവേചനത്തിന് പ്രധാന കാരണമായി പറയുന്നത് എന്ത് ?**

(1) ഇന്ത്യൻ ഭാഷകൾക്ക് നിലവാരമില്ലാത്തത്.

(2) രാഷ്ട്രനിർമ്മാണത്തിനു സഹായകമല്ല.

(3) ഉന്നതവിദ്യാഭ്യാസത്തിന്റെ അന്തസ്സുകുറയ്ക്കുക.

(4) മതിയായ പദസമ്പത്തോ പഠനഗ്രന്ഥങ്ങളോ ഇല്ല.

www.prepp.in



**123.** താഴെ കൊടുത്തവയിൽ BRIC രാജ്യങ്ങളിൽ പെടാത്തത് ഏത്?

(1) ചൈന

(2) റഷ്യ

(3) ബ്രിട്ടൻ

(4) ബ്രസീൽ

**124.** താഴെ കൊടുത്തവയിൽ ഏറ്റവും കുറച്ച് ആളുകൾ സംസാരിക്കുന്ന ഭാഷ ഏത് ?

(1) ഹീബ്രു

(2) ഐസ്ലാൻഡിക്

(3) ഫിന്നിഷ്

(4) എസ്റ്റോണിയൻ

**125.** വിദേശികളായ ഭാഷാപണ്ഡിതന്മാരെ അത്ഭുതപ്പെടുത്തിയത് എന്ത് ?

(1) ഇന്ത്യയിലെ ഭാഷാ വൈവിധ്യം

(2) ഇന്ത്യയിലെ ജനസംഖ്യ

(3) ഇന്ത്യൻ ഭാഷകളൊന്നും ഉന്നതവിദ്യാഭ്യാസത്തിന്നു മാധ്യമമായി ഉപയോഗിക്കുന്നില്ല

(4) ഇന്ത്യൻ ഭാഷകൾക്ക് നിലവാരമില്ല എന്നത്

**126.** സമ്പന്നം എന്നതിന്റെ വിപരീത രൂപം താഴെ കൊടുത്തവയിൽ ഏതാണ് ?

(1) ധനികം

(2) പാമരം

(3) ദരിദ്രം

(4) സൗമ്യം

**127.** 'വിചക്ഷണൻ' എന്നതുകൊണ്ട് ഉദ്ദേശിച്ചത് :

(1) വിമർശകൻ

(2) വിദഗ്ദ്ധൻ

(3) വൈയാകരണൻ

(4) ശാസ്ത്രജ്ഞൻ

**128.** ലോകത്ത് ആറുകോടിയിലധികം ആളുകൾ സംസാരിക്കുന്ന എത്ര ഭാഷകളുണ്ട് ?

(1) 22

(2) 30

(3) 42

(4) 50

prepp Your Personal Exams Guide

www.prepp.in



Prepp
Your Personal Exams Guide

**താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് (129-135) ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

യു.എൻ.ഡി.പിയുടെ സ്ഥിതി വിവരക്കണക്ക് രാജ്യങ്ങളുടെ സാമ്പത്തിക പ്രകടനത്തെ സൂചിപ്പിക്കുന്നു. രാജ്യങ്ങളുടെ 1975 മുതൽ 2005 വരെയുള്ള ദീർഘകാല സാമ്പത്തികവളർച്ചാനിരക്ക് വെളിപ്പെടുത്തുന്നത് ഇംഗ്ലീഷ് ഭാഷാ പ്രേമികളുടെ വാദത്തിനു വിരുദ്ധമായി, ഇംഗ്ലീഷ് ഭാഷയിൽ അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസം താഴ്ന്ന വളർച്ചാ തിരക്കിലേക്ക് നയിച്ചു എന്നുള്ളതാണ്. തദ്ദേശീയ ഭാഷാ നയം സ്വീകരിച്ച എല്ലാ രാജ്യങ്ങളും ആംഗലേയ ഭാഷാ രാജ്യങ്ങളെക്കാൾ വേഗത്തിൽ പുരോഗതി കൈവരിച്ചു. ഏറ്റവും മോശം പ്രകടനം കാഴ്ചവച്ചത് ഏറ്റവും അധികം ജനങ്ങൾ ഇംഗ്ലീഷ് സംസാരിക്കുന്ന, ഏഷ്യയിൽ ഉയർന്ന സ്കോർ നേടുന്ന ജി.ഡി.പി. പ്രതിശീർഷ വരുമാനത്തിൽ വെറും 0.4 ശതമാനം വളർച്ചാ നിരക്ക് കൈവരിച്ച ഫിലിപ്പൈൻസാണ്.

ഏഷ്യയിൽ രണ്ടാമതായി ടോഫെൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്ന രാജ്യം ഇന്ത്യയാണ്. 1980 കളിൽ ചൈനയേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലായിരുന്നു ഇന്ത്യ. ഇന്ത്യയുടെ ജി.ഡി.പി. പ്രതിശീർഷ വരുമാന വളർച്ചാനിരക്ക് 3.4 ശതമാനം ആയപ്പോൾ ചൈനയുടേത് 8.4 ശതമാനം ആണ്.

ഇന്തോനേഷ്യയും പാകിസ്ഥാനും തുല്യ സാമ്പത്തിക ശക്തികളായിരുന്നു. പാകിസ്ഥാനിൽ ഒരിക്കലും തദ്ദേശഭാഷ ശാസ്ത്രത്തിന്റെയോ ഗവേഷണത്തിന്റെയോ ഭാഷ ആയിരുന്നില്ല. അത് ഇംഗ്ലീഷിനെയും ഇംഗ്ലീഷ് പ്രമാണിമാരുടെ ആധിപത്യമുള്ള അധികാരകേന്ദ്രങ്ങളെയും ആശ്രയിക്കുന്നു. എന്നാൽ ഇന്തോനേഷ്യ ഭാഷാപരമായ നവീകരണത്തിനു മുതിരുകയും പുതുതായി വികസിപ്പിച്ചെടുത്ത ബഹാസ ഇന്തോനേഷ്യ ഉന്നതവിദ്യാഭ്യാസത്തിനുള്ള ഭാഷയാക്കുകയും ചെയ്തു. ഇന്തോനേഷ്യൻ സമ്പത്ത്. കൊല്ലംതോറും 3.9 ശതമാനം വളരുകയും അതേസമയം പാകിസ്ഥാന്റെ വളർച്ചാനിരക്ക് 2.5 ശതമാനം മാത്രം ആവുകയും ചെയ്തു.

ബംഗ്ലാദേശും വിയറ്റ്നാമും ഒരേപോലെ കാർഷികസമ്പദ്ഘടനയുള്ള ഏകഭാഷാരാജ്യങ്ങളാണ്. 1980 വരെ രണ്ടുരാജ്യത്തിന്റെയും പ്രതിശീർഷ വരുമാനം ഏകദേശം ഒന്നുതന്നെയായിരുന്നു. പ്രഖ്യാപിത നയത്തിനു വിരുദ്ധമായി ബംഗ്ലാദേശിലെ അധികാരത്തിന്റെ ഭാഷ ഇംഗ്ലീഷാണ്.

www.prepp.in



അമേരിക്കയുമായുള്ള നാശംവിതച്ച യുദ്ധത്തിനുശേഷം വിയറ്റ്നാം അതിന്റെ നാട്ടുഭാഷയെ വിജ്ഞാനത്തിന്റെ ഭാഷയാക്കി ജനങ്ങളിൽ അറിവ് എത്തിക്കുവാൻ ഊർജിത ശ്രമം നടത്തി. 2005 ഓടുകൂടി വിയറ്റ്നാം പ്രതിശീർഷ വരുമാനം ഇരട്ടിയാക്കി. ബംഗ്ലാദേശിന്റെ 2.0 ശതമാനത്തിനെ അപേക്ഷിച്ചു വിയറ്റ്നാം ആരോഗ്യകരമായ 5.2 ശതമാനം നിരക്ക് കൈവരിച്ചു.

**129. താഴെ കൊടുത്തവയിൽ ഭാഷാപരമായ നവീകരണത്തിനു തയ്യാറായ രാജ്യമേത്?**

(1) ഇന്ത്യ

(2) ഇന്തോനേഷ്യ

(3) ബംഗ്ലാദേശ്

(4) പാക്കിസ്ഥാൻ

**130. ഇംഗ്ലീഷിൽ അധിഷ്ഠിതമായ ഉന്നതവിദ്യാഭ്യാസം മൂലം എന്തു സംഭവിച്ചു എന്നാണ് ലേഖകൻ കരുതുന്നത് ?**

(1) തൊഴിലവസരങ്ങൾ ധാരാളമുണ്ടായി

(2) ബിരുദങ്ങൾ ലഭ്യമായി

(3) വളർച്ചാനിരക്കു താഴന്നു

(4) വളർച്ചാനിരക്ക് ഉയർന്നു

**131. 2005 ൽ പ്രതിശീർഷവരുമാനം ഇരട്ടിയാക്കിയ രാജ്യമേത് ?**

(1) ഇന്തോനേഷ്യ

(2) ബംഗ്ലാദേശ്

(3) വിയറ്റ്നാം

(4) ചൈന

**132. 'ദീർഘം' എന്നതിന്റെ വിപരീതപദം ഏത് ?**

(1) വൃത്തം

(2) ഹ്രസ്വം

(3) ഹ്രാസം

(4) ചതുരം

**133. ലേഖകൻ ഉയർത്തിക്കാട്ടുന്ന പ്രശ്നം എന്ത് ?**

(1) ഇംഗ്ലീഷ് ഭാഷയുടെ അനിവാര്യത

(2) സാമ്പത്തിക വളർച്ചയുടെ മാനദണ്ഡം

(3) തദ്ദേശീയ ഭാഷകളുടെ പ്രാധാന്യം

(4) പ്രതിശീർഷ വരുമാനത്തിന്റെ തോത്

www.prepp.in



Prepp
Your Personal Exams Guide

**134.** ബംഗ്ലാദേശിലെ അധികാരത്തിന്റെ ഭാഷയായി ലേഖകൻ കാണുന്നത് എന്ത് ?

(1) ദേശീയഭാഷ

(2) ഇംഗ്ലീഷ്

(3) ഉറുദു

(4) ബഹാസ

**135.** യു.എൻ. ഡി.പിയുടെ കണക്കുകൾ ഏന്തിനെക്കുറിച്ചുള്ള വസ്തുതകളാണ് വെളിപ്പെടുത്തുന്നത് ?

(1) ഭാഷകളുടെ വളർച്ച

(2) ജനസംഖ്യാ വളർച്ച

(3) സാമ്പത്തിക വളർച്ച

(4) വിദ്യാഭ്യാസ നിലവാരം

**136.** വൃത്താന്തവിവരണം തയ്യാറാക്കുമ്പോൾ താഴെ കൊടുത്തവയിൽ ശ്രദ്ധിക്കേണ്ടത് എന്ത്

(1) പദങ്ങളുടെ എണ്ണം

(2) ആലങ്കാരിക ഭാഷാ പ്രയോഗം

(3) ആത്മനിഷ്ഠ സർവ്വനാമങ്ങളുടെ പ്രയോഗം

(4) ആശയങ്ങളുടെ ക്രമീകരണം

**137.** എഴുത്ത് :

**ഒരു ______ ആണ്; ഒരു ______ അല്ല**

(1) പ്രക്രിയ ; ഉല്പന്നം

(2) ഉല്പന്നം ; പ്രക്രിയ

(3) പ്രക്രിയ ; കൈയെഴുത്തഭ്യാസം

(4) കൈയെഴുത്തഭ്യാസം ; പ്രക്രിയ

**138.** വിദ്യാർത്ഥികളുടെ ലേഖനനൈപുണി വിലയിരുത്താൻ ടീച്ചർ ശ്രദ്ധിക്കേണ്ടത് :

(1) അലംകൃതഭാഷയുടെ പ്രയോഗം

(2) അക്ഷരശുദ്ധി

(3) വ്യാകരണ ശുദ്ധമായ രചന

(4) ആശയങ്ങളുടെ ആവിഷ്കാരം

**139.** വായനാപൂർവ്വ പ്രവർത്തനങ്ങൾ എന്നത്:

(1) വിഷമപദങ്ങളുടെ അർത്ഥം നൽകൽ

(2) പാഠത്തിലെ വ്യാകരണ സവിശേഷതകളും നിയമങ്ങളും വിശദീകരിക്കൽ

(3) പഠിതാക്കളുടെ വായനാശേഷി വിലയിരുത്തൽ

(4) പഠിതാക്കളുടെ മുന്നറിവിലൂടെ അവരെ തയ്യാറാക്കൽ

www.prepp.in



140. ഭാരതത്തിന്റെ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭാഷകൾ എത്ര?

(1) 16

(2) 20

(3) 22

(4) 24

141. യഥാർത്ഥ ആശയവിനിമയ മാതൃക അവതരിപ്പിച്ചുകൊണ്ട് വ്യത്യസ്ത സാഹചര്യങ്ങൾ അഭിനയിച്ചു കാണിക്കാൻ ടീച്ചർ കുട്ടികളോട് പറയുന്നു. തുടർന്ന് അവരുടെ അവതരണത്തെ മുൻനിർത്തി ചില തത്ത്വങ്ങൾ കണ്ടെത്തുകയും വിശദീകരിക്കുകയും ചെയ്യുന്നു അവർ പഠിപ്പിക്കുന്നത് :

(1) നിർദ്ദേശാത്മക വ്യാകരണം (prescriptive)

(2) വ്യാകരണമാത്ര പഠനം (in isolation)

(3) വിഷയാധിഷ്ഠിത വ്യാകരണം (in content)

(4) നിർദ്ധാരണാത്മക സമീപനം (Deductive)

142. എല്ലാ കുട്ടികളുടെയും പഠനരീതികളെ പോഷിപ്പിക്കാൻ ഒരു ഭാഷാധ്യാപികക്കു കഴിയുന്നത് :

(1) ഓരോ വാക്കും പഠിപ്പിക്കുകയും പരിഭാഷപ്പെടുത്തുകയും തുടർന്നു വീണ്ടും പാഠത്തിലേക്കു വരുകയും ചെയ്യുമ്പോൾ

(2) കുട്ടികളെ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലൂടെ

(3) പഠനത്തിൽ മാത്രമല്ലാതെ നൃത്തം, സംഗീതം, കളികൾ, ചിത്രരചന, മുതലായവയിലും പങ്കെടുക്കാൻ പ്രേരിപ്പിച്ചുകൊണ്ട്.

(4) വ്യത്യസ്തനിലവാരത്തിലെ പഠിതാക്കൾക്ക് വ്യത്യസ്തമായ അധ്യാപനരീതികളും തന്ത്രങ്ങളും വിലയിരുത്തൽ മാനദണ്ഡങ്ങളും ഉപയോഗിച്ചുകൊണ്ട്

www.prepp.in



Prepp Your Personal Exams Guide

**143. സാമൂഹികമായ ഇടപെടലുകൾ ഭാഷാപഠനത്തിൽ പ്രധാന പങ്കുവഹിക്കുന്നു ഈ പ്രസ്താവനയുമായി ബന്ധപ്പെടുന്നത് :**

(1) ചോംസ്കി (Chomsky)

(2) പിയാഷെ (Piaget)

(3) വൈഗോട്സ്കി (Vygotsky)

(4) സ്കിന്നർ (Skinner)

**144. ഭാഷാനൈപുണിയിൽ പ്രധാനം**

(1) വ്യക്തവും കൃത്യവുമായ ഉച്ചാരണം

(2) ഉള്ളടക്കത്തിനും സാഹചര്യത്തിനും അനുസരിച്ചുള്ള ഭാഷണം

(3) മൃദുഭാഷണം

(4) അലങ്കൃത ഭാഷാപ്രയോഗം

**145. ഭാഷാപഠനത്തിൽ ഒരു കുട്ടി നേരിടുന്ന പ്രത്യേക പ്രശ്നം മനസ്സിലാക്കാൻ ടീച്ചറെ സഹായിക്കുന്നത്**

(1) വിരുദ്ധകേന്ദ്ര പരീക്ഷ (discrete test)

(2) നിർണയന പരീക്ഷ (diagnostic test)

(3) ആശയവിനിമയപരീക്ഷ (communicative test)

(4) പ്രശ്നപരിഹാരപരീക്ഷ (problem solving test)

**146. "പോർട്ട് ഫോളിയോ"യെ കുറിച്ച് താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏത്?**

(1) ഇത് എഴുത്തുശീലം വികസിപ്പിക്കുന്നു

(2) വിദ്യാർത്ഥികളുടെ രചനാ സാമഗ്രികൾ ശേഖരിക്കുകയും ഭദ്രമായി സൂക്ഷിക്കുകയും ചെയ്യുന്നു.

(3) ഇത് ടീച്ചറുടെ സമയം നഷ്ടപ്പെടുത്താതെ വിദ്യാർത്ഥികളെ പ്രവർത്തന നിരതരാക്കുന്നു.

(4) കുട്ടിയുടെ ക്രമമായ വളർച്ച നിരീക്ഷിക്കാൻ ടീച്ചറെ സഹായിക്കുന്നു.

www.prepp.in



Prepp Your Personal Exams Guide

**147. ഈണം എന്നത് –വ്യത്യാസമാണ്**

(1) ഉച്ചാരണാവയവം (organ)

(2) ശബ്ദം (sound)

(3) വായു (air)

(4) ശ്രുതി (pitch)

**148. വാണി വിട്ടിൽ അധികം സംസാരിക്കാറില്ല. എന്നാൽ സ്കൂളിലെത്തിയാൽ വായാടി ആകും. ഇത് കാണിക്കുന്നത്:**

(1) അവൾക്ക് സ്വന്തം വീട് ഇഷ്ടമല്ല

(2) അവളുടെ ചിന്തകൾക്ക് സ്കൂളിൽ അംഗീകാരംകിട്ടുന്നു

(3) സ്കൂളിൽ നന്നായി സംസാരിക്കാൻ കുട്ടികൾക്ക് അവസരം കിട്ടുന്നു

(4) ടീച്ചർ ക്ലാസ്സിലെ അച്ചടക്കത്തിൽ ഒട്ടും ശ്രദ്ധിക്കുന്നില്ല

**149. ഭാഷാമികവിൽ ഉൾപ്പെടുന്ന ഘടകങ്ങൾ :**

(1) ശരിയായ ഉച്ചാരണവും തീവ്രവായനയും

(2) പകർത്തിയെഴുത്തും അക്ഷരവടിവും

(3) കൃത്യതയും അനായാസതയും

(4) സ്ഥൂലതയും (skimming) സൂക്ഷ്മതയും (Scanning)

**150. ഭാഷാപഠനം എളുപ്പമാക്കുന്നത്**

(1) പാഠപുസ്തകം പഠിപ്പിക്കുന്നില്ലെങ്കിൽ

(2) പരീക്ഷ ഇല്ലെങ്കിൽ

(3) ഭാഷപഠിക്കാൻ അനുകൂല സാഹചര്യമുണ്ടാകുമ്പോൾ

(4) വ്യാകരണാഭ്യാസത്തിനും പരിശീലനത്തിനും എഴുത്തിനേക്കാൾ സമയം നല്കുമ്പോൾ

www.prepp.in



**SPACE FOR ROUGH WORK**

Prepp Your Personal Exams Guide

www.prepp.in



**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധ ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാ പുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതവും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ് കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സു-കഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽ ഫോണോ മറ്റു വയർലസ് സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാ ഹാളിൽ കൊണ്ടു വരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷാ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററിന്റെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും.
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാധകമാണ്. എല്ലാവിധ ക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**निम्नलिखित निर्देशों को ध्यान से पढ़ें :**

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें ।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **काले/नीले बॉल पॉइन्ट पेन** से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
3. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
4. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
5. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी । इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए ।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
8. मोबाइल फोन, बेतार संचार युक्तियाँ (स्वीच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए । इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और उनके विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित ।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
11. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा । **परीक्षार्थी अपने बाएँ हाथ के अंगूठे का निशान हाज़िरी-पत्र में दिए गए स्थान पर अवश्य लगाएँ ।**
12. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
14. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल / कक्ष छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें । परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।**

**READ THE FOLLOWING INSTRUCTIONS CAREFULLY:**

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Black/Blue Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against them including cancellation of examination.
9. Each candidate must show on demand his / her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his / her seat.
11. The candidates should not leave the Examination Hall/Room without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet second time will be deemed not to have handed over the Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic / Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Board.
14. No part of the Test Booklet and Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***